പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*30 28/01/2019-ൽ മറുപടിക്ക്

**ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.വി. ജോയി** | | **ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സ്വകാര്യ ആരോഗ്യ സേവന സ്ഥാപനങ്ങളിൽ ചികിത്സയ്ക്കും ലബോറട്ടറി പരിശോധനകൾക്കും എത്തുന്നവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത സേവനങ്ങൾ നൽകുന്നതും അവസാനിപ്പിക്കുന്നതിനായി കൊണ്ടുവന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പ്രാവർത്തികമായിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സേവന നിലവാരവും ചികിത്സാ നിരക്കും നിശ്ചയിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; ഇത്തരം സ്ഥാപനങ്ങളിലെ ടെക്നീഷ്യൻമാർ ഉൾപ്പെടെയുള്ള ജീവനക്കാർ നിശ്ചിത യോഗ്യത ഉള്ളവരാണെന്ന് ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | ബി) | ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കാനും തരം തിരിക്കാനും ഇവയുടെ സേവനനിലവാരം നിശ്ചയിക്കുന്നതിനുമായി സബ് കമ്മിറ്റികൾ നിലവിൽ വരുന്നതാണ്. രജിസ്ട്രേഷൻ വേളയിൽ തന്നെ ഓരോ ക്ലിനിക്കൽ സ്ഥാപനവും പ്രസ്തുത സ്ഥാപനത്തിലുള്ള സേവനങ്ങളുടെയും സംവിധാനങ്ങളുടെയും ജീവനക്കാരുടെയും അവരുടെ യോഗ്യതകളുടെയും വിശദവിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിലേയ്ക്കായി സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തൽ വേളയിലും പരിശോധനാവേളയിലും ചുമതലപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ, അസസ്സ്മെന്റ്/ഇൻസ്പെക്ഷൻ സമയത്ത് ഇവ പരിശോധിക്കുന്നതും അത് ഉറപ്പുവരുത്തിയതിനുശേഷം ആക്ട് പ്രകാരം സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതുമാണ്. |

| | | | |
|---|---|---|---|
| സി) | സ്ഥിരം രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇതു പരിശോധിച്ച് ഉറപ്പു വരുത്താൻ സംവിധാനം നിലവിലുണ്ടോ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷൻ സംവിധാനം **1/1/2019** തീയതി മുതൽ മോഡേൺ മെഡിസിൻ (ദന്തചികിത്സ ഉൾപ്പെടെ) ആദ്യഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളിൽ നിലവിൽ വന്നിട്ടുള്ളതാണ്. ഈ ജില്ലകളിൽ ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്ക് താല്ക്കാലിക രജിസ്ട്രേഷനാണ് നൽകുന്നത്. **2** വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതും അത് പ്രകാരം താൽക്കാലിക രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ സ്ഥിരം രജിസ്ട്രേഷന് അപേക്ഷ നൽകേണ്ടതുമാണ്. നിലവാരം നിർണ്ണയിക്കുന്നതിനായി രൂപീകരിക്കുന്ന കമ്മിറ്റികൾ നൽകുന്ന ശുപാർശ അനുസരിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരം ഈ കാലയളവിൽ ആർജ്ജിച്ചശേഷമാണ് സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അതാത് ജില്ലകളിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി എല്ലാ ജില്ലകളിലും ജില്ലാ രജിസ്ട്രേഷൻ അതോറിറ്റികൾ **01/01/2019** ന് നിലവിൽ വന്നിട്ടുള്ളതാണ്. രജിസ്ട്രേഷൻ ചെയ്യാത്ത സ്ഥാപനങ്ങൾക്ക് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല. |
| ഡി) | പാരമ്പര്യ ആയുർവേദ ചികിത്സകർക്ക് രജിസ്ട്രേഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1/1/2019 മുതൽ മോഡേൺ മെഡിസിന് (ദന്ത ചികിത്സ ഉൾപ്പെടെ) മാത്രമാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അംഗീകൃത ആയുർവേദ ചികിത്സാ സമ്പ്രദായത്തിന് ക്രമേണ ആക്ടിന്റെ പ്രാബല്യം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ